"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - സെന്റ് വിൻസെന്റ് ഓർഫനേജ്, എരഞ്ഞിപ്പാലം, കോഴിക്കോട് എന്ന ശിശു സംരക്ഷണ സ്ഥാപനത്തിന്റെ ജെ. ജെ. രജിസ്ട്രേഷൻ റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.25/2026/WCDD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:- വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 15.10.2025ലെ DWCD/4279/2023-ICPS 12 നമ്പർ കത്ത്.

**ഉത്തരവ്**

സെൻ്റ് വിൻസെൻ്റ് ഓർഫനേജ്, സെന്റ് വിൻസെൻ്റ് കോളനി, എരഞ്ഞിപ്പാലം, കോഴിക്കോട് എന്ന സ്ഥാപനത്തിനു 25 പെൺകുട്ടികളെ സംരക്ഷിക്കുന്നതിനായി ചിൽഡ്രൻസ് ഹോം എന്ന വിഭാഗത്തിൽ 140/2018 നമ്പരായി 28.03.2018 മുതൽ 5 വർഷ കാലയളവിലേക്ക് അനുവദിച്ചിരുന്ന ജെ.ജെ. രജിസ്ട്രേഷൻ കാലാവധി 28.03.2023 ൽ അവസാനിച്ചിരുന്നു. സൊസൈറ്റി ഓഫ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ പിന്തുണയോടെ പ്രവർത്തിച്ചു വന്നിരുന്ന സ്ഥാപനത്തിന് ഓർഫനേജ് കൺട്രോൾ ബോർഡിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് ദൈനംദിന ചെലവിനും ജീവനക്കാർക്കുള്ള ശമ്പളവും നൽകാൻ പര്യാപ്തമല്ലാത്തതിനാൽ സ്ഥാപനത്തിന് എല്ലാ സാമ്പത്തിക വർഷവും ഒരു വലിയ തുക ചെലവഴിക്കേണ്ടി വരുന്നു എന്നും, അടുത്ത സാമ്പത്തിക വർഷം മുതൽ പിന്തുണ നിർത്തലാക്കാൻ സൊസൈറ്റി ഭരണസമിതിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും അതിനാൽ 2025 മാർച്ച് 31 ന് സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിനു അനുമതി നൽകണമെന്നു അഭ്യർത്ഥിച്ചു സെന്റ് വിൻസെന്റ് ഓർഫനേജ് മാനേജിങ് ഡയറക്ടർ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥാപനത്തിലുണ്ടായിരുന്ന മുഴുവൻ കുട്ടികളെയും ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ ഹാജരാക്കുകയും കുട്ടികളെ രക്ഷിതാക്കളോടൊപ്പം റിലീസ് ചെയ്തു വിടുകയും ചെയ്തിട്ടുള്ളതാണ് എന്നും മേൽ സാഹചര്യത്തിൽ സ്ഥാപനത്തിന്റെ ജെ. ജെ. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് പരാമർശം പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു.മേൽ വിവരിച്ച വസ്തുതകൾ പരിഗണിച്ചു കോഴിക്കോട് ജില്ലയിലെ സെൻ്റ് വിൻസെൻ്റ് ഓർഫനേജ്, സെൻ്റ് വിൻസെൻ്റ് കോളനി, എരഞ്ഞിപ്പാലം, കോഴിക്കോട് എന്ന സ്ഥാപനത്തിനു 25 പെൺകുട്ടികളെ സംരക്ഷിക്കുന്നതിനായി ചിൽഡ്രൻസ് ഹോം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 140/2018 ാം നമ്പർ ജെജെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

പകർപ്പ്

1.ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്

2.ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോഴിക്കോട്

3.വെബ് & ന്യൂ മീഡിയ

4.ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 14-01-2026 11:00:34

സെക്ഷൻ ഓഫീസർ